# മാനസാന്തരപ്പെടുവിൻ ദൈവരാജ്യം സമീപിച്ചിരിക്കുന്നു

## മത്തായി 4:12-17

ഇന്ന് വരെ ദൈവത്തെ തിരിഞ്ഞു നോക്കാതെ ഇരുന്നവൻ, അതുമല്ലെങ്കിൽ നാളിതുവരെ വാക്കിലും ചിന്തയിലും മാത്രം ദൈവത്തെ ആരാധിച്ചിരുന്ന ഒരുവൻ ഇന്ന് മുതൽ കർമ്മം കൊണ്ടും മനസ്സുകൊണ്ടും തമ്പുരാനെ ആരാധിക്കുന്നതിനെ ആണല്ലോ മാനസാന്തരം എന്ന് പറയുന്നത്. അതയത്, മനസ്സിന്റെ അന്തരം. പാപ ജീവിതവും ഈശ്വര ചിന്തയും തമ്മിലുള്ള അന്തരം.

മാനസാന്തരത്തിന് തടസ്സമായി ഒരുവനിൽ നിൽക്കുന്നത് അവനിലെ അന്തകാരമാണ്. മനുഷനിലെ പാപവും അവനിലെ തിന്മയും ഒരുവനെ അന്ധനാക്കുന്നു. യേശുവിന്റെ പ്രകാശം മനുഷ്യനെ അന്തതയിൽ നിന്ന് വെളിച്ചത്തിലേയ്ക്കു നയിക്കുന്നു. എശയാ 9;2 "അന്താകാരത്തിൽ കഴിഞ്ഞിരുന ജനം മഹത്തായ ഒരു പ്രകാശം കണ്ടു കൂരിരുട്ടിൽ വസിച്ചിരുന്നവരുടെമേൽ പ്രകാശം ഉദിച്ചു" ഒരുവന്റെ ജീവിതത്തിൽ പ്രകാശം ആയി വരുന്ന ദൈവീകസാനിദ്ധ്യത്തെ അവൻ തിരിച്ചറിഞ്ഞു അവനിൽ അത് മാനസാന്തരം ഉണ്ടാക്കണം.

തിന്മയിൽ നിന്നു നന്മയിലേക്കുള്ള യാത്രയാണ് മാനസാന്തരം. "സത്യത്തെകുറിച്ചുള്ള പൂർണ്ണ ബോധ്യത്തിലേക്ക് മടങ്ങി വരാനുതുകുന്ന അനുതാപം ദൈവം അവർക്ക് നല്കിയന്നുവരാം" 2 തിമോത്തി 2;25. നന്മയിലേക്ക് വരുക എന്നു പറഞ്ഞാൽ കുറെ നല്ല പ്രവർത്തികൾ ചെയ്യുക എന്നല്ല അർത്ഥമാക്കുക പിന്നെയോ ജീവിതത്തിനെ മറ്റൊരുവഴിയെ തിരിച്ചുവിടുക, പുതിയ ജീവിതം നയിക്കുക എന്നും ആകാം. പുതിയ ജീവിതം വഴിയായി നമുക്ക് ലഭിക്കുന്നത് എന്താണ് എന്ന് നടപടി പുസ്തകത്തിൽ നാം വായിക്കുന്നു. "പരിശുദ്ധ ആത്മാവിന്റെ ദാനം" (നട 2;38) .

ഈ ആയുസ്സിൽ ഏതൊരുവനും എളുപ്പത്തിൽ നഷ്ട്ടപെട്ടുപോകുന്ന ഒരു യാഥാർത്ഥ്യം ആണ് ദൈവം. ദൈവത്തെ നഷ്ട്ടപെടാൻ അധിക സമയം വേണ്ട. ചേതനയുടെ ഭാഗമായിരുന്ന ദൈവപുത്രൻ കൈവിരലുകളിലൂടെ ഊരുന്നുപൊയതു അറിയാൻ മേരിമാതാവ് എടുത്ത സമയം ഇരുപത്തിനാല് മണിക്കൂർആണ്. അത്തരം ഒരു ദുരന്തം ജീവിതത്തിൽ ഉണ്ടാകാതെ ഇരിക്കണം എങ്കിൽ ഒരുവൻ മാനസാന്തരവഴികളിലുടെ യാത്ര ചെയ്യണം. ഒരാൾ ത്യാഗപൂരണമായ ചില കർമ്മങ്ങളിലൂടെ ദൈവവും ആയി തന്നെതന്നെ ബന്ധിപ്പിക്കുന്ന ആത്മീയ ചരട് മുറുക്കണം .മാനാസാന്തരം എന്നാൽ ദൈവം ഒരു വ്യക്തിയുടെ ജീവിത്തിൽ സജീവ സാന്നിധ്യം ആയി തീരുന്ന അവസ്ഥ ആണ്.

മുന്ന് തലത്തിൽ ഉള്ള ബന്ധം ആണ് മനുഷ്യന്റെ അന്ധതയെ നിശ്ചയിക്കുന്നത്; ദൈവം, മനുഷൻ, പ്രപഞ്ചം. ഇതിൽ എതു കണ്ണി അഴിയുമ്പോളും ഒരുവൻ അന്ധകാരത്തിൽ ആണ് ജീവിക്കുന്നത്. ഒരു കണ്ണി അകന്നുപോയാൽ ഒരുവൻ അന്തകരത്തിലാണ്. മാനസന്ധരതിലുടെ ഈ ബന്ധം വീണ്ടെടുക്കുമ്പോൾ ഈ ബന്ധം പൂർണമാകും. ദൈവവുമായി സായന്ധനസവാരി നടത്തിയിരുന്ന ആദം തിന്മ വഴി

ദൈവത്തെ ഭയപെടുന്നു. തന്റെ ബലി ദൈവത്തിന് പ്രീതികരം ആകില്ല എന്ന് തോന്നിയ നിമിഷം കായേൻ വെറുക്കുന്നത് ദൈവത്തെയല്ല തന്റെ സഹോദരനെതന്നെയാണ്. അങ്ങനെ ഭൂമിയിൽ ആദ്യമായി മനുഷ്യന്റെ രക്തം വീണു. ആ നിമിഷം തൊട്ടുതന്നെ പ്രപഞ്ചം അയാൾക്ക് എതിരായി. ഇനി മുതൽ അയാൾ വിത്തുവിതച്ചാൽ ഫലം തരില്ല. അയാൾ അങ്ങുമിങ്ങും അലഞ്ഞുനടക്കും.

ഇശോയുടെ സ്നേഹം തുടിച്ചത് ദൈവരാജ്യം എന്ന സന്ദേശത്തിൽ ആയിരുന്നു. അവന്റെ കാലത്തും അതിനു മുൻപും പിൻപും ദൈവരാജ്യം എന്ന സങ്കല്പം നിരവധി പ്രസ്ഥാനങ്ങളിൽ ചേക്കേറിയിരുന്നു. ദൈവ ഭരണം, ദൈവത്തെ മാത്രം മുൻനിർത്തി ഉടമ്പടി ബന്ധിയായ നിയമാവാഴ്ച പുന:സ്ഥാപികുക, അങ്ങനെ ആ പഴയ സ്വർഗ്ഗം തിരികെ വരുത്തുക എന്നിങ്ങനെയുള്ള ചിന്തകളും പ്രവർത്തങ്ങളും നമുക്ക് ചരിത്ര പുസ്തകത്തിൽ കാണാവുന്നതാണ്.ബരിസേയർ നിയമത്തിന്റെ പാലനം ദൈവരാജിയം സൃഷ്ടിക്കാൻ ആകും എന്ന് കരുതിയിരുന്നവരുടെ അടുത്ത് ഇശോ പറഞ്ഞു സ്വർഗ്ഗം ദൈവദാനമാണ്. പാപത്തിൽ നിന്നും തിന്മയിൽ നിന്നും വഴി മാറി നടക്കുന്നവർക്ക് ദൈവം കൊടുക്കുന്ന ദാനം. മാനസന്ധരത്തിന്റെ വഴിയിലൂടെ ചരിച്ചവർക്ക് ദൈവം കൊടുക്കുന്ന സമ്മാനം. ഈ സമ്മാനത്തിനു ഓരോരുത്തനും ചെയ്യേണ്ടത് തന്റെ മനസ്സിനെ ദൈവത്തിന്റെ മനസ്സിനോട് ചേർത്ത് വെയ്ക്കുക എന്നതാണ്. അതിനായാൽ അവൻ ദൈവത്തിന്റെ പാതയിൽ ആണ്, അവൻ മാനസാന്തരത്തിന്റെ പാതയിൽ ആണ്, അവൻ സ്വർഗരാജ്യത്തിന്റെ പാതിയിലും ആണ്.

Fr. Thomas Kavungal– Ramanathapuram Diocese

www.sundaypulpit.in